ഉത്തരം

(എ) സുനാമി ദുരന്തത്തിനുശേഷം മുഖ്യമന്ത്രിയുടെ ദുരുതാശ്വാസനിധിയിലേക്ക് 23,16,35 694 രൂപ 23-2-2005 വരെ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(ബി) വിശദമായ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) ആന്റ് (ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ സുനാമിയുമായി ബന്ധപ്പെട്ട് ലഭിച്ച തുക മറ്റാവശ്യങ്ങൾക്ക് വിനിയോഗിച്ചിട്ടില്ല.

കടലിൽ മുങ്ങിമരിച്ചവരുടെ രക്ഷകർത്താക്കൾക്കുള്ള ധനസഹായം

192 [1615] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004 ഡിസംബർ 25-ന് കടലിൽ കുളിക്കാനിറങ്ങിയ നിർദ്ധനകുടുംബത്തിൽപ്പെട്ട മൂന്നു കുട്ടികൾ ഇരവിപുരം, കാക്കത്തോപ്പ് കടൽതീരത്ത് മുങ്ങിമരിച്ച സംഭവത്തിൽ ഇവരുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിൽനിന്നും ധനസഹായം നൽകാൻ നടപടി കൈക്കൊള്ളുമോ ;

(ബി) ഇവരുടെ രക്ഷകർത്താക്കൾ ധനസഹായത്തിന് സമർപ്പിച്ച അപേക്ഷകൾ കൊല്ലം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുള്ളതിന്മേൽ ജില്ലാ കളക്ടർ വഴി ധനസഹായം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2004 ഡിസംബർ 25-ന് ഇരവിപുരത്ത് കടലിൽ കുളിക്കാനിറങ്ങിയപ്പോൾ മരണപ്പെട്ട മൂന്ന് പേരിൽ അപേക്ഷ ലഭിച്ച രണ്ടുപേരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് വാളത്തുങ്കൽ തുണ്ടിൽ കിഴക്കതിൽ ശ്രീ. മജീദ്, പെരിനാട് വള്ളകുളത്ത് മേലതിൽ ശ്രീമതി നദീറ എന്നിവരിൽനിന്നും ലഭിച്ച അപേക്ഷകൾ മരണപ്പെട്ടവരുടെ അവകാശികളെ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിന് ബന്ധപ്പെട്ട വില്ലേജ് ആഫീസർക്ക് അയച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ പദ്ധതി

193 [1629] ശ്രീ. ബിനോയ് വിശ്വം :

,, പി. നാരായണൻ :

,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും നൽകുന്ന ചികിത്സാ സഹായ പദ്ധതി ഇപ്പോൾ നിർത്തിവച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിപ്രകാരം അനുവദിക്കുന്നതുക വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ചികിത്സാസഹായമായി 2001 മുതൽ 2004 ആഗസ്റ്റ് വരെ എത്ര തുക അനുവദിച്ചു; ഇതിൽ എത്രതുക വിതരണം ചെയ്തു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) 2004 സെപ്റ്റംബർ മുതൽ ഇതുവരെ എത്ര സംഖ്യ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കാലതാമസം ഒഴിവാക്കുവാൻ ശ്രദ്ധിക്കുന്നതാണ്.

(സി) 2001 ഏപ്രിൽ മുതൽ 2004 ആഗസ്റ്റ് വരെ 15,88,42,100 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്.

വിതരണം ചെയ്ത തുകയുടെ വിവരങ്ങൾ ജില്ലാ കളക്ടർമാരിൽനിന്നും ശേഖരിച്ച് നൽകുന്നതാണ്.

(ഡി) 2004 സെപ്റ്റംബർ മുതൽ 25-2-2005 വരെ 7,65,22,840 രൂപ അനുവദിച്ചിട്ടുണ്ട്.

കുടുംബശ്രീ പദ്ധതി

194 [1632] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മേയ് മാസത്തിനുശേഷം കുടുംബശ്രീ പദ്ധതി ആകർഷകമാക്കാനും വ്യാപകമാക്കാനും വരുത്തിയിട്ടുള്ള പരിശ്രമങ്ങൾ എന്തെല്ലാമാണ് ;

(ബി) ഇക്കാലയളവിൽ കുടുംബശ്രീ പദ്ധതിയിൽപ്പെടുത്തി തിരുവനന്തപുരം താലൂക്കിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിയെന്ന് വിശദമാക്കാമോ ;

(സി) ഇവ നിമിത്തം എത്ര കുടുംബങ്ങൾക്ക് പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ ;

ഉത്തരം

(എ) അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. †

(ബി) അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്. †

(സി) ആകെ 3314 കുടുംബങ്ങൾക്ക് ഈ കാലയളവിൽ തിരുവനന്തപുരം താലൂക്കിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

---

† അനുബന്ധം XI, XI എ.

2/2314/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly